"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ജിഡ - ജീവനക്കാര്യം - ശ്രീ. ടെന്നിസൺ എ. റ്റി. (അണ്ടർ സെക്രട്ടറി, ധനകാര്യവകുപ്പ്) - അതോറിറ്റിയിലെ ഫിനാൻസ് ഓഫീസർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.988/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/05/2020

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ

2 സ.ഉ.(പി)നം. 580/2013/ധന തീയതി 28.11.2013

3 സ.ഉ(സാധാ)നം.939/2018/തസ്വഭവ തീയതി 02.04.2018

4 സ.ഉ(സാധാ)നം.1147/2019/തസ്വഭവ തീയതി 03.06.2019

5 ജിഡ സെക്രട്ടറിയുടെ 02.03.2020 -ലെ ജിഡ/1021/ 2015 നമ്പർ കത്ത്

<u>ഉത്തരവ്</u>

ധനകാര്യവകുപ്പിലെ അണ്ടർ സെക്രട്ടറിയായ ശ്രീ. ടെന്നിസൺ എ.റ്റി.യെ പരാമർശം (3) പ്രകാരം ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയിൽ ഫിനാൻസ് ഓഫീസർ (ഗ്രേഡ് II) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുകയും തുടർന്ന് പരാമർശം (4) പ്രകാരം ടി അന്യത്രസേവനകാലം ദീർഘിപ്പിച്ച് നൽകുകയുമുണ്ടായി.

2) ശ്രീ. ടെന്നിസൺ എ.റ്റി.യുടെ അന്യത്രസേവന കാലാവധി 25.04.2020-ൽ അവസാനിച്ച സാഹചര്യത്തിൽ 26.04.2020 മുതൽ ഒരു വർഷത്തേക്ക് കൂടി പ്രസ്തുത സേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (5) പ്രകാരം ജിഡ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ധനകാര്യവകുപ്പിലെ അണ്ടർ സെക്രട്ടറിയായ ശ്രീ.ടെന്നിസൺ എ.റ്റി.-യുടെ ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയിലെ ഫിനാൻസ് ഓഫീസർ തസ്തികയിലെ അന്യത്രസേവനകാലം കേരള സർവ്വീസ് റൂൾസ് ഭാഗം I ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും, പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 26.04.2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ പി**

**അണ്ടർ സെക്രട്ടറി**

സെക്രട്ടറി , ഗോശ്രീ ദ്വീപ് വികസന അതോറിറ്റി

ശ്രീ. ടെന്നിസൺ എ.റ്റി. [ധനകാര്യ(അഡ്മിനിസ്ട്രേഷൻ-എ) വകുപ്പ് മുഖാന്തിരം]
ധനകാര്യ(അഡ്മിനിസ്ട്രേഷൻ-എ) വകുപ്പ് (698143/ഭരണം-എ2/8/2018-ധന തീയതി 31.03.2020 പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ